ഇങ്ങനെ പ്രത്യേകം പ്രത്യേകമായി പഠിച്ചാൽ മാത്രമേ സാദ്ധ്യമാകുകയുള്ളൂ. അതുകൊണ്ട് ജില്ലകളിലുള്ള ഇൻഡസ്ട്രിയൽ കേന്ദ്രത്തിലുള്ള ഒരു മാനേജരും ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനും ബാങ്കുകളുമായും സംരംഭകരുമായും ഇടപെട്ട് നിശ്ചയിക്കുകയാണ്. അങ്ങനെ 110 എസ്റ്റേറ്റുകളുടെ പഠനം നടത്തിയതിൽ 87 എസ്റ്റേറ്റുകളെക്കുറിച്ചുള്ള റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞു. ഇനി കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടുകൾ മാത്രമാണ് ലഭിക്കേണ്ടതേ. അത് ലഭിച്ചുകഴിഞ്ഞതിനുശേഷം ഇതിനു ബൃഹത്തായ ഒരു പദ്ധതി ഗവൺമെൻറ് തയ്യാറാക്കുന്നതാണ്. ഇതുവരെയുള്ള ഭാവനാപരമായി ഒരു കാഴ്ചപ്പാടോടു കൂടി പോയെങ്കിൽ മാത്രമേ ഇത് പരിഹരിക്കുകയുള്ളൂ. ഏതെങ്കിലും ഒരു എസ്റ്റേറ്റിലുള്ള ഏതെങ്കിലും ഒരു യൂണിറ്റിലുള്ള ഷെഡ്ഡിലെ പ്രശ്നം പരിഹരിച്ചുകൊണ്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രശ്നം മുഴുവൻ പരിഹരിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കാനുള്ള നടപടിയാണ് ഈ ഗവൺമെൻറ് ചെയ്യുന്നത്. ഇപ്പോൾ ഐ. ഡി. ബി. ഐ. ചെറുകിട വ്യവസായികളുടെ വ്യവസായത്തിൻറെ പുനരുദ്ധാരണത്തിനുവേണ്ടി 2500 കോടി രൂപയുടെ സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറ് ഫണ്ട് രൂപവൽക്കരിച്ചിട്ടുണ്ട്. ഈ ഫണ്ടിൽനിന്ന് ഇത് പുനരുദ്ധരിക്കുന്നതിന് ആവശ്യമായ തുകകൂടി കിട്ടാനും ഗവൺമെൻറിൻറെ സാമ്പത്തികമായ പരിമിതികൊണ്ട് വച്ച് പരമാവധി ഇതിനെ സഹായിക്കാനുമാണ് ഗവൺമെൻറ് ഇപ്പോൾ പദ്ധതികൊണ്ട് എടുത്തിരിക്കുന്നത്. അതുകൊണ്ട് ഇത് പടിപടിയായി മുന്നോട്ടു പോവുകയാണ്. ഈ കഴിഞ്ഞ നാലു കൊല്ലത്തിനുശേഷം ഈ പ്രശ്നം പരിഹരിക്കുന്നതിന് ഏറ്റവും ശക്തവും ഫലപ്രദവുമായ നടപടി ഈ ഗവൺമെൻറ് എടുത്തിട്ടുണ്ട്. ഏതെങ്കിലും ഒരു കാലത്ത് ഏതെങ്കിലും ഒരു വ്യവസായി തുങ്ങിമരിക്കുന്ന നിലപാട് ഉണ്ടായിട്ടുണ്ടെങ്കിൽ അത് സങ്കടമാണ്. ഭാവിയിലെങ്കിലും അത് ഇല്ലാതിരിക്കണമെന്ന് ഈ ഗവൺമെൻറിന് ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട മെമ്പറും ഈ സഭയും അത് മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ : ഈ കമ്മിറ്റി റിപ്പോർട്ട് പൂർത്തീകരിക്കുന്നതുവരെ ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജപ്തി നടപടികൾ നിറുത്തിവയ്ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ഗവൺമെൻറ് നൽകുമോ ?

ശ്രീ. ഇ. അഹമ്മദ് : ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിന് നിയന്ത്രണമില്ല. അത് ആർ. ബി. ഐ. യുടെ കീഴിലുള്ളതാണ്. സംസ്ഥാന ഗവൺമെൻറിൻറെ ഭാഗത്തുനിന്നുള്ളത് കഴിയുന്ന്ത്ര ചെയ്യുന്നുണ്ട്. അതേസമയത്ത് കഴിവുള്ള പലരുംതന്നെ മറ്റു പല കാരണങ്ങൾകൊണ്ട് ഒഴിഞ്ഞു മാറുന്നത് ഇല്ലാതാക്കാൻ ഓരോ യൂണിറ്റിൻറെയും മെറിറ്റനുസരിച്ച് ഗവൺമെൻറ് ആവുന്ന സഹായം ചെയ്യും. ഇലക്ട്രിസിറ്റിയെ സംബന്ധിച്ച് അപ്പപ്പോൾ കെ. എസ്. ഇ. ബി. യുമായി ബന്ധപ്പെടാറുണ്ട്.

III. സബ്മിഷൻ

(1) തട്ടേക്കാട് കടവിൽ പുതിയ ചങ്ങാടം അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ജി. വരദൻ : சர், தேவிகுளம் தாலுகாவில் இடுக்கியில் குட்டம்புழை

പഞ്ചായത്തിൽ തട്ടേക്കാടു കടത്തു കടവു് ഉള്ളതു്. അന്തപ് പഞ്ചായത്തിൽ ഗിട്ടത്തട്ട 20,000-ത്തു മേൽപ്പട്ട ജനങ്ങൾ ഉള്ളവർ. അവർക്കുക്കു റേഷൻ അരിസി വാങ്ങ വേണ്ടുമാനുലും മാണവർക്കുക്കു കുല്ലൂരിക്കുച് ചെല്ല വേണ്ടു മാനുലും കോതമങ്കലത്തിറ്റ്കു വരവേണ്ടും. അങ്കുള്ള കടത്തു വള്ളം കുഴിന്ത 3, 4 മാതങ്കളാക തണ്ണീരിൽ മുഴുകിക് കിടക്കിറതു. അതൈക്കുറിത്തു നാൻ അമൈച്ചരുക്കു പേപ്പർ കൊടുത്തിരുന്തേൻ. ടിപ്പാർട്മെണ്ടിൽ ഉള്ളവർകളൈപ് പോയ് പാർത്തേൻ. അതുമട്ടുമല്ലാമൽ അങ്കുള്ള മക്കൾ P. W. D. അലുവലകത്തിറ്കു മുന്നുൽ സത്തിയാകിരകം നടത്തി വരുകിറുർകൾ. ഇതുവരൈയിലും എന്ത വിതമാന നടവടിക്കൈയും എടുക്കപ്പടവില്ലൈ. ആകൈയാൽ അമൈച്ചർ അവർകൾ തയവു ചെയ്തു അന്തപ് പഞ്ചായത്തു മക്കൾ കടന്തു ചെല്ലക്കൂടിയ അന്തപ് പാലത്തൈ ചരിപണ്ണിക് കൊടുക്കവും പുതിയ ചങ്കാടം കൊടുപ്പതറ്കുമ് ഒരു തൊകൈയൈ അനുവതിത്തു ഇതറ്കു ഒരു മുടിവു കാണവേണ്ടുമെന്റു കേട്ടുക് കൊൾകിറേൻ.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ, കുട്ടംപുഴ പഞ്ചായത്തിൽ തട്ടേക്കാട് കടവിലുള്ള ചങ്ങാടം ജീർണ്ണിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ചങ്ങാടമിടാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിനിടയിൽ പുതിയ ചങ്ങാടം നിർമ്മിക്കാൻ കാലതാമസം വരികയാണെങ്കിൽ എവിടെയെങ്കിലും പ്രവർത്തിക്കാതെ കിടക്കുന്ന ചങ്ങാടങ്ങം ഇങ്ങോട്ട് മാറ്റാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(2) വിളക്കുടി പഞ്ചായത്തിലെ മൃഗാശുപത്രി

ശ്രീ. എ. ജോർജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറു വിസ്തൃതമായ പഞ്ചായത്തുകം ഉംക്കൊള്ളുന്നതാണ് പത്തനാപുരം വികസന ബ്ലോക്ക്, ഈ ആറു പഞ്ചായത്തുകളിലും കൂടി ഒരു മൃഗാശുപത്രി മാത്രമാണുള്ളത്. ഈയിടെ ഗവൺമെന്റ് വിളക്കുടി ആസ്ഥാനമാക്കി ഒരു മൃഗാശുപത്രി തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. പക്ഷേ അവിടെ ഇതുവരെ ഡോക്ടമാരെയോ ആവശ്യമുള്ള സ്റ്റാഫിനെയോ നിയമിക്കാത്തതുകൊണ്ട് പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. വാടകയില്ലാതെ ജനങ്ങം കെട്ടിടങ്ങം എടുത്തിരിക്കുകയാണ്. അതുകൊണ്ട് എത്രയും എളുപ്പം മൃഗഡോക്ടറെയും സ്റ്റാഫിനെയും നിയമിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് അപേക്ഷിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, വിളക്കുടി പഞ്ചായത്തിൽ കുന്നിക്കോട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വെറ്റിനറി ഡിസ്പെൻസറിക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് തത്വരനടപടികം എടുത്തുകൊണ്ടിരിക്കുകയാണ്. കഴിയുന്നതും വേഗം ഈ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(3) ആറിങ്ങലിൽ പുതിയ ഫയർ സ്റ്റേഷൻ

ശ്രീ. പി. വിജയദാസ്: സർ, ആറിങ്ങൽ കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ തുടങ്ങാനുള്ള അനുവാദം ഗവൺമെന്റ് നൽകിയിട്ട് ഏകദേശം ഒരു വർഷമായി. ഇതുവരെ അത് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള നാഷണൽ ഹൈവേയിൽ ഏകദേശം മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ആറിങ്ങൽ പട്ടണത്തിൽ ഫയർ സ്റ്റേഷന്റെ ആവശ്യകത ഞാൻ പറയാതെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly